**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1645    14/07/2016-ൽ മറുപടിക്ക്**

# കെ.എസ്.ഇ,ബി. സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ആൻസലൻ. | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പൂഴിക്കുന്നിൽ പ്രവർത്തനം ആരംഭിച്ച കെ.എസ്.ഇ,ബി. സെക്ഷൻ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ടോ എന്നും ക്യാഷ് കളക്ഷൻ ഉണ്ടോ എന്നും പ്രസ്തുത ഓഫീസിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ എന്നും വിശദമാക്കുമോ; | (എ) പൂഴിക്കുന്നിൽ പ്രവർത്തനം ആരംഭിച്ച കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതലകൾ നിർവഹിക്കാനായി ഉദയം കുളങ്ങര ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അഡീഷണൽ ചാർജ്ജ് നൽകിയിട്ടുണ്ട്. ക്യാഷ് കളക്ഷനും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ട്. |
| (ബി) ഓലത്താന്നി പഴയകടയിലെ ക്യാഷ് കളക്ഷൻ സെന്ററുകൾ പുന സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;<br><br>(സി) തിരുപുറം കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസ് ആരംഭിക്കുമോ എന്ന് വ്യക്തമാക്കുമോ; | **(ബി)യും (സി)യും**<br><br>ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) നെയ്യാറ്റിൻകരയിലെ 66 കെ. വി. സബ് സ്റ്റേഷൻ 110 കെ. വി ആക്കി ഉയർത്തി വൈദ്യുതി ക്ഷാമത്തിന് പരിഹാരം കാണുമോ എന്ന് വിശദമാക്കുമോ? | (ഡി) പരുത്തിപ്പാറ-പാറശ്ശാല 66 കെ.വി. TVTI&II ഫീഡറുകൾ 110 കെ.വി. ആക്കുന്നതിനോട് അനുബന്ധിച്ച് നെയ്യാറ്റിൻകര 66 കെ.വി. സബ്സ്റ്റേഷനും 110 കെ.വി. ആക്കി ഉയർത്തുന്നതാണ്, ഇതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം 66 കെ.വി. നെയ്യാറ്റിൻകര |

സബ്സ്റ്റേഷൻ 110 കെ.വി. ആക്കി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി പ്രസ്തുത പ്രദേശത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കാനാകും.

സെക്ഷൻ ഓഫീസർ